LIBRARY ARCHIVES Kerala Legislative Assembly

മംഗലം ഡാം സ്രോതസ്സായി കുടിവെള്ള പദ്ധതി

147(847) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കഞ്ചേരി, വണ്ടാഴി, വടക്കഞ്ചേരി പഞ്ചായത്തുകൾക്കായി മംഗലം ഡാം സ്രോതസ്സായി വിഭാവന ചെയ്ത സമഗ്ര കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ നില വ്യക്തമാക്കാമോ;

(ബി) പദ്ധതി സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കിഴക്കഞ്ചേരി, വണ്ടാഴി, വടക്കഞ്ചേരി, കണ്ണമ്പ്ര പഞ്ചായത്തുകൾക്കായുള്ള മംഗലം ഡാം സ്രോതസ്സായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 14-5-2014-ന് കൂടിയ എസ്.എൽ.എസ്.സി.-യിൽ ജി.ഒ.(ആർ.ടി.)നമ്പർ 954/2014/ജവിവ തീയതി 8-10-2014 പ്രകാരം 20 കോടി രൂപയ്ക്കുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി കിണർ, ടാങ്ക് എന്നിവ നിർമ്മിക്കുന്നതിന് മംഗലം ഡാം റിള്ളേജിൽ ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ബ്ലോക്ക് 50 റീ സർവ്വേ 1-ൽപ്പെട്ട 250 സെന്റ് സ്ഥലത്തിന് സർക്കാർ കത്ത് നമ്പർ 18650/ഐ.ആർ/15/ജവിവ തീയതി 7-12-2015-ന് ഉപയോഗാനുമതി നൽകിയിട്ടുണ്ട്. വകുപ്പുതല ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) രണ്ട് വർഷംകൊണ്ട് പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ദേശീയ ജലപാതാസംയോജനം

148(848) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതാസംയോജനത്തിൽനിന്നും ഒഴിവാക്കപ്പെട്ട ജലാശയങ്ങളെ സംസ്ഥാന ജലപാതാ വികസനത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എതെല്ലാം പ്രവൃത്തികൾക്കാണെന്നും എന്ത് തുക വീതമാണ് നീക്കിവച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ജലപാതകളെ യോജിപ്പിച്ചുകൊണ്ട് കൂടുതൽ ജലഗതാഗത മാർഗ്ഗങ്ങൾ രൂപപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ദേശീയ ജലപാതാ സംയോജനത്തിൽനിന്നും ഒഴിവാക്കപ്പെട്ട ജലാശയങ്ങൾ 10 നദികളാണ്. അവയെ സംസ്ഥാന ജലപാതാ വികസനത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) സംസ്ഥാനത്തെ ജലപാതകളെ യോജിപ്പിച്ചുകൊണ്ട് കൂടുതൽ ജലഗതാഗത മാർഗ്ഗങ്ങൾ രൂപപ്പെടുത്താനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

ലൈൻ എക്സ്റ്റൻഷൻ നടപടി

149(849) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് വാട്ടർ അതോറിറ്റി ഡിവിഷന്റെ കീഴിലുള്ള ഇരിക്കൂർ അഡ്ജോയിനിംഗ് പദ്ധതിയുടെ ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നും പൂവം ജംഗ്ഷൻ മുതൽ കയിലൂർ വരെ ലൈൻ എക്സ്റ്റൻഷനുവേണ്ടി തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പൂവം ജംഗ്ഷൻ മുതൽ കയിലൂർ വരെയുള്ള ഭാഗങ്ങൾ ഉൾപ്പെട്ട പടിയൂരിലും ഇരിക്കൂറിലും മറ്റ് സമീപ വില്ലേജുകളിലും ശുദ്ധജലവിതരണം ചെയ്യുന്നതിനായി പൂവത്തിനടുത്തായി 5.5 എം.എൽ.ഡി. ശേഷിയുള്ള ജല ശുദ്ധീകരണശാല പ്രവർത്തനസജ്ജമായി ജലവിതരണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ പൂവം മുതൽ കയിലൂർ വരെയുള്ള പ്രദേശത്ത് നിലവിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ജലവിതരണം സാധ്യമല്ല. കണ്ണൂർ ജില്ലയിലെ മിക്ക കുടിവെള്ള പദ്ധതികളുടെയും ഉറവിടമായ പഴശ്ശി ബാരേജിനോട് ചേർന്നുകിടക്കുന്ന ഈ പ്രദേശം രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രദേശമാണ്. ഇവിടേക്ക് ശുദ്ധജലം എത്തിക്കുന്നതിനായി 6.5 കി. മീ. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്. ഉദ്ദേശം 48 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly